പറവൂർ താലൂക്കിൽ തെങ്ങുകയറ്റത്തൊഴിലാളികളും കുലിക്കുടിശ്ശികയിനത്തിൽ നടത്തിയ സമരത്തോടു് അനുബന്ധിച്ചു് എത്ര കേസുകൾ ഇന്നു് ആലുവായിലും പറവൂരും ഉള്ള മജിസ്ട്രേട്ടുകോടതികളിൽ നിലനിൽക്കുന്നു? ഗവണ്മെൻറ് എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടു്? അതു് പിൻവലിക്കുന്നതിനു് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

യാതൊരു കേസും നിലവിലില്ല.

തെങ്ങുകയറ്റത്തൊഴിലാളികളുടെ കുറഞ്ഞകൂലി.

* 767. [62] ശ്രീ. കെ. എ. ബാലൻ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

ഉടനെതന്നെ തെങ്ങുകയറ്റത്തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിച്ചു് ഉത്തരവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

തെങ്ങുകയറ്റത്തൊഴിലാളികളും കർഷകത്തൊഴിലാളികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവരാണു്. കർഷകത്തൊഴിലാളികൾക്കു കുറഞ്ഞകൂലി എന്തായിരിക്കണമെന്നു വേണ്ട അന്വേഷണങ്ങളും നടത്തി ഗവണ്മെൻറിനു സുപാർശ ചെയ്യുന്നതിനു ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടു്. ഈ കമ്മിറിയുടെ ജോലി പൂർത്തിയായിട്ടില്ല. കമ്മിറിയുടെറിപ്പോർട്ടു തരമെസിയാതെ ഗവണ്മെൻറിനു അർപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രാമസേവക ജോലിക്കാർ.

* 768. [63] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര–വിളവങ്കോടു് പ്രോജക്ടിൽ ഗ്രാമസേവകു് ആയി ജോലി ചെയ്തിരുന്ന എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) ഗ്രാമസേവകു് ആയി നിയമിക്കപ്പെട്ടിരുന്ന ശ്രീ. കെ. ശങ്കരനെ പിരിച്ചുവിടാനുള്ള കാരണമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗ്രാമസേവകരായി ജോലി ചെയ്തിരുന്ന മുന്നുപേരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ബി) ശ്രീ. ശങ്കരൻറെ സ്വഭാവവും, നടപടികളും തൃപ്തികരമല്ലെന്നുള്ള റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണു് പിരിച്ചുവിട്ടതു്.

Compensation to Palmyrah climbers.

* 769. [65] SHRI T. T. DANIEL: Will the Minister for Industries be pleased to state the amount the Government has allotted for the year 1955 to pay as compensation to palmyrah climbers who had accidental falls from the trees while climbing?

LIBRARY ARCHIVES Kerala Legislative Assembly